"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് -മത്സ്യത്തൊഴിലാളികൾക്ക് മാത്രമുള്ള 6 ക്ഷേമ പദ്ധതികൾ അനുബന്ധത്തൊഴിലാളികൾക്കും കൂടി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.525/2025/F&P തീയതി,തിരുവനന്തപുരം, 19-07-2025

പരാമർശം:-

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ 03.01.2025 - ലെ KFWFB/1/2025-B നമ്പർ കത്ത്.
2. ഫിഷറീസ് ഡയറക്ടറുടെ 05.02.2025, 23.05.2025, 08.07.2025 തീയതികളിലെ DFTVM/68/2025-N3 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന 6 ക്ഷേമ പദ്ധതികൾ അനുബന്ധ തൊഴിലാളികൾക്കും കൂടി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറും ഫിഷറീസ് ഡയറക്ടറും പരാമർശിത കത്തുകൾ പ്രകാരം അംഗീകാരത്തിന് സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന 6 ക്ഷേമ പദ്ധതികൾ അനുബന്ധ തൊഴിലാളികൾക്കും കൂടി ചുവടെ ചേർക്കും പ്രകാരം അനുവദിക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന്, പ്രതിവർഷം വരുന്ന 92.25 ലക്ഷം രൂപയുടെ അധിക സാമ്പത്തിക ബാധ്യത ബോർഡ് തന്നെ വഹിക്കേണ്ടതാണ്.

| ക്രമ നം | പദ്ധതി | പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം | ഒരു ഗുണഭോക്താവിന് ലഭിക്കുന്ന തുക | ആകെ ചെലവ് |
|---|---|---|---|---|
| 1 | തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണം കൊണ്ട് ഉണ്ടാകുന്ന മരണം | 10 | 1,00,000 | 10,00,000 |
| 2 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ച് ചെലവുകളിലേക്കുള്ള ധനസഹായം | 50 | 2,000 | 1,00,000 |
| 3 | അപകടം മൂലം ഉണ്ടാകുന്ന താൽക്കാലിക അവശത | 50 | 500 | 25,000 |

| | | | | |
|---|---|---|---|---|
| 4 | ചെയർമാൻസ് റിലീഫ് ഫണ്ട് | 20 | 5,000 | 1,00,000 |
| 5 | കായിക വിനോദ മത്സരങ്ങളിൽ വിജയം നേടിയവർക്ക് പ്രോത്സാഹന പദ്ധതി | 50 | 10,000 | 5,00,000 |
| 6 | പെൺമക്കളുടെ വിവാഹ ധനസഹായം (അനുബന്ധ തൊഴിലാളികളുടെ 2 പെൺകുട്ടികൾക്ക്) | 300 | 25,000 | 75,00,000 |
| | ആകെ | 480 | | 92,25,000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
കമ്മിഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ , വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. സി3/4/2025/മതുവ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 19-07-2025 14:14:03